# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 26



## ഗവ : ഹൈസ്കൂൾ തെക്കേക്കര

### തെക്കേക്കര പി ഓ മങ്കൊമ്പ്

### കുട്ടനാട് - ആലപ്പുഴ 688503

# ആമുഖം

105 വർഷം പിന്നിടുന്ന തെക്കേക്കര ഗവണ്മെന്റ് ഹൈസ്കൂൾ കുട്ടനാട് താലൂക്കിലെ ചമ്പക്കുളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു . ഒരു ഗ്രാമത്തിനാകെ അക്ഷര വെളിച്ചം പകരുകയും സമൂഹത്തിന്റെ വിവിധ തുറകളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി ആളുകളെ സൃഷ്ടിക്കുകയും ചെയ്ത ഈ സരസ്വതി ക്ഷേത്രം ഈ പ്രദേശത്തിന്റെ പുരോഗതിയിൽ നിർണായക പങ്ക് വഹിക്കുന്നു

നിരവധി പരിമിതികളുള്ള ഈ വിദ്യാലയം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങളെയും വെല്ലുവിളികളെയും നേരിടാൻ പുതിയ തലമുറയെ പ്രാപ്തമാക്കുന്നതിനുള്ള മികച്ചതും വേറിട്ടതുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അധ്യാപകർ , വിദ്യാർഥികൾ , എസ് എം സി എന്നിവരുടെ കൂട്ടായ ചർച്ചയിലൂടെ തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാൻ ഞങ്ങൾ ഇവിടെ സമർപ്പിക്കുന്നു

ശ്രീമതി ഫൗസിയ എ
ഹെഡ്മിസ്ട്രസ്

ശ്രീ രതീഷ് ഇ ജി
പി ടി എ പ്രസിഡന്റ്

സ്കൂൾ ലീഡർ
അക്ഷയ് ആർ

# പദ്ധതി രൂപീകരണ പ്രക്രിയ

## വിവിധ ഘട്ടങ്ങളിൽ നടന്ന കാര്യങ്ങൾ

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി തയ്യാറാക്കിയ ഈ പദ്ധതി വിവിധ തലങ്ങളിൽ നടന്ന ചർച്ചയിലൂടെ സമ്പുഷ്ടമാക്കപ്പെട്ടതാണ്

നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് എസ ആർ ജി യോഗത്തിൽ സമഗ്രവികസന കാഴ്ചപ്പാട് കൺവീനർ തയ്യാറാക്കി .തുടർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ വിഷയതലം തിരിച് കരട് രേഖ തയ്യാറാക്കി . തുടർന്ന് എസ ആർ ജി , എസ എം സി എന്നിവയിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ ഒരു വിദ്യാലയ വികസന ശില്പശാല സംഘടിപ്പിച്ചു .പ്രസ്തുത യോഗത്തിൽ കരട് അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല തിരിച് അവതരിപ്പിക്കുകയും ചർച്ച ചെയ്ത് കൂട്ടിച്ചേർക്കലുകൾ നടത്തി സമ്പുഷ്ടമാക്കുകയും ചെയ്തു . വിദ്യാലയത്തിൽ നിലവിലുള്ള വിവിധ കമ്മിറ്റികളുടെ പ്രതിനിധികളെ ക്രോഡീകൃത പദ്ധതി രേഖ എഴുതി തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു .

# പ്രതീക്ഷിത നേട്ടങ്ങൾ

കുട്ടികളുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുകയും അതിലൂടെ യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുകയുമാണ് നമ്മൾ പ്രതീക്ഷിക്കുന്ന യഥാർത്ഥ നേട്ടം . ഇതോടൊപ്പം പഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക , മാനസിക , സാംസ്കാരിക സൗകര്യങ്ങൾ ഉള്ള വിദ്യാലയമായി നമ്മുടെ വിദ്യാലയത്തെ മികച്ചതാക്കുക , പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക , അതോടൊപ്പം മാലിന്യ നിർമ്മാർജനം ഒരു സംസ്കാരമായിത്തീരുക , മദ്യപാനം , മയക്കുമരുന്ന് ഇവയുടെ ഉപയോഗത്തിൽ നിന്ന് മുക്തമായ തലമുറ - പ്ലാസ്റ്റിക് മുക്ത , കീടനാശിനി മുക്ത ,ലഹരി മുക്ത കാംപസ് , ആധുനിക വൽക്കരിക്കപ്പെട്ട വായനശാലയും ലബോറട്ടറിയും തുടങ്ങിയ നേട്ടങ്ങളാണ് നാം പ്രതീക്ഷിക്കുന്നത്

# ഉള്ളടക്കം


1 . ആമുഖം

2 . വിദ്യാലയത്തിന്റെ ലഘു ചരിത്രം

3 . വിദ്യാലയം മികവിന്റെ കേന്ദ്രം

4 . നിലവിലെഅക്കാദമികവിശകലനം

5 . പദ്ധതി രൂപീകരണ പ്രക്രിയ

6 . പദ്ധതി വിശദാംശങ്ങൾ

7 . പ്രതീക്ഷിത നേട്ടങ്ങൾ

8 . ഉപസംഹാരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ലക്ഷ്യങ്ങൾ

. ഒന്നാം ക്ളാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ   കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുറ്റവരാക്കുക

. ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച പട്ടികപ്പെടുത്തുക

. ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കുക

. വായന , എഴുത്ത് എന്നീ ശേഷികൾ ആർജിക്കുക

. അക്ഷരത്തെറ്റുകൾ ഇല്ലാതെ ഇംഗ്ലീഷ് , ഹിന്ദി വിഷയങ്ങൾ എഴുതുകയും വായിക്കുകയും ചെയ്യുക

. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക

.ദൈനദിന ജീവിതവുമായി ബന്ധപ്പെടുത്തി ഗണിത ശേഷികൾ ആർജിക്കുക

. ശാസ്ത്രത്തിനും സാമൂഹ്യ നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരെ തിരിച്ചറിഞ്ഞു ആദരവ് പുലർത്തുക

.കൈയെഴുത്ത് മാസിക , ദിനാചരണക്കുറിപ്പുകൾ , ക്വിസ് മത്സരങ്ങൾ ഇവയുടെ പ്രാധാന്യം തിരിച്ചറിയൽ

. പറഞ്ഞുകേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു

. ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു

. ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കുകയും വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു

. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച വൃക്ഷത്തൈ നടീൽ

. പ്രകൃതി നടത്തം - സസ്യങ്ങളെ നിരീക്ഷിച്ച പേരുകൾ കണ്ടെത്തുന്നു

. ഐ സി ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നു

. സ്കൂളിൽ ഒരു സസ്യ ഉദ്യാനം

. പ്രകൃതി ദത്ത പരിസരം - സസ്യ ജന്തു ജാലങ്ങൾ , നദികൾ , സൗരയൂധം, കാലാവസ്ഥ , ചരിത്ര സ്മാരകങ്ങൾ , വാഹനങ്ങൾ , ആഘോഷങ്ങൾ , ആചാരാനുഷ്ഠാനങ്ങൾ , പ്രാദേശിക ചരിത്രം - ആഴത്തിൽ അറിയൽ

. കഥയരങ്ങ് , കവിതയരങ്ങ്, ശില്പശാലകൾ ഇവ സംഘടിപ്പിക്കൽ

.രചനകളിലും പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ

. പ്രശസ്തരായ ആളുകളുമായി അഭിമുഖങ്ങൾ സംഘടിപ്പിക്കൽ

. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ ഹിന്ദി , ഇംഗ്ലീഷ് അസ്സെംബ്ലി സംഘടിപ്പിക്കൽ

. ദിവസേനയുള്ള സംഭവങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും ഡയറിക്കുറിപ്പായി എഴുതുക

. പത്രവാർത്തകൾ എഴുതി പൊതുവായന നടത്തുക

. ഉച്ചകഴിഞ്ഞ 1 .15 മുതൽ 1 .45 വരെ ലൈബ്രറി സമയം

. ഇടവേളകളിൽ പ്രശസ്തരുടെ പ്രസംഗങ്ങൾ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കുക

. വൈകുന്നേരങ്ങളിൽ വ്യാകരണ ശുദ്ധി ഉറപ്പിക്കുന്ന അധിക ക്ളാസ്സുകൾ

. ഹിന്ദി പതിപ്പുകൾ , നാടകം , സംഭാഷണം , കവിത - അവതരണം

. അസ്സെംബ്ലികളിൽ ഇംഗ്ലീഷ് സ്കിറ്റ് , നാടകം , കവിത - അവതരണം

. സയൻസ് ലാബിലെ ഉപകാരങ്ങൾ , രാസവസ്തുക്കൾ ,

മോഡലുകൾ , ചാർട്ടുകൾ എന്നിവ ക്രമീകരിക്കൽ

.ശാസ്ത്ര പ്രാധാന്യമുള്ള , ചരിത്ര പ്രാധാന്യമുള്ള
സ്ഥലങ്ങൾ സന്ദർശിക്കൽ

. സ്കൂൾ തല മേളകളിൽ മികവ് പുലർത്തുന്നതിനായുള്ള
പരിശീലനങ്ങൾ

. 2 - 4 കുട്ടികൾക്ക് എൽ എസ് എസ് ,5 - 7 കുട്ടികൾക്ക്

യു എസ് എസ് പരിശീലനം നൽകൽ

. കാലിക പ്രാധാന്യമുള്ള സാമൂഹ്യശാസ്ത്ര

വിഷയങ്ങളെക്കുറിച്ച സംവാദം , സെമിനാർ, ഡിബേറ്റ്

.എല്ലാ ദിനാചരങ്ങളുടെയും ഐ സി ടി സാദ്ധ്യതകൾ
ഉപയോഗപ്പെടുത്തുക

. ഒരു മുറി ഗണിത , ഭാഷാ ലാബിനായി ക്രമീകരിക്കൽ

. ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കൽ

. ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം
ഒരുക്കൽ

. രാവിലെയും വൈകുന്നേരവും കായിക
പരിശീലനത്തിനായി ഗ്രൗണ്ട് ഉപയോഗപ്പെടുത്തൽ

.വർഷത്തിലൊരിക്കൽ കുട്ടിക്കും രക്ഷിതാവിനും വൈദ്യ പരിശോധന സംഘടിപ്പിക്കൽ

. ജൈവ വൈവിധ്യ പാർക്ക്, ഔഷധത്തോട്ടം , ശലഭോദ്യാനം എന്നിവ നിർമിക്കൽ

.ക്ലാസ് പി ടി എ പ്രതിമാസം ചേരൽ , പഠന പുരോഗതി പരിശോധിക്കൽ , മൂല്യനിർണയം ഉറപ്പാക്കൽ

. വ്യത്യസ്തമായ മെനു വെച്ച പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ

. വിവിധ ക്ലബുകളുടെ രൂപീകരണവും ചുമതലയും നൽകൽ

. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച സമര നേതാക്കളുടെ കഥാപാത്ര ആവിഷ്ക്കാരം , ജീവചരിത്രം പരിചയപ്പെടുത്തൽ

# പദ്ധതി വിശദാംശങ്ങൾ

**മേഖല : അക്കാദമികം**

**വിഷയം : മലയാളം**

**പ്രവർത്തനം : 1**

**പേര് : ഭാഷോത്സവം**

**ഉപമേഖല :ഭാഷാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാതൃ ഭാഷാ നിലവാരം ഉയർത്തൽ | ക്ലാസ് മുറികളിൽ നടക്കേണ്ട രചനാ പ്രവർത്തനങ്ങൾ - എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി നടത്തൽ | ജൂൺ - ഫെബ്രുവരി | മലയാളം അധ്യാപകൻ | |
| വായനാ സാമഗ്രികളുടെ ശേഖരണവും നിർമാണവും . പ്രാദേശിക വിഭവങ്ങളെ സർഗാത്മകമായി ഉപയോഗിക്കൽ | കഥ /കവിത /രചനാ ശില്പശാല സംഘടിപ്പിക്കൽ | മാസത്തിൽ ഒരു തവണ | വിദ്യാരംഗം സാഹിത്യ വേദി | സ്പോൺസർഷിപ് |

പ്രവർത്തനം :2

പേര് : സ്കൂൾ മാഗസിൻ തയ്യാറാക്കൽ

ഉപമേഖല : ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ ചേർത്ത് മാഗസിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം സാഹിത്യ വേദി | PTA |

പ്രവർത്തനം : 3

പേര് : അഭിമുഖങ്ങൾ /സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ , സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ | വിദ്യാരംഗം സാഹിത്യ വേദി | PTA |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ്  തിയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കൽ | ഇംഗ്ലീഷ് സ്കിറ് , നാടകം സംഭാഷണം തുടങ്ങിയവയുടെ അവതരണം | പ്രതിമാസം | എച്ച് എം / ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം : 4

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷയുടെ ഉപയോഗം | എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ക്ളാസുകൾ | എല്ലാ ദിവസവും | ഇംഗ്ലീഷ് അദ്ധ്യാപിക | |

# ഇംഗ്ലീഷ്

**പ്രവർത്തനം : 1**

**പേര് : ഇംഗ്ലീഷ് അസ്സെംബ്ലി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നു | ആഴ്ചയിൽ രണ്ടു തവണ കുട്ടികൾ അവതരിപ്പിക്കുന്ന ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം : 2**

**പേര് : ഇംഗ്ലീഷ്  ഡയറി**

**ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ അഞ്ചു ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

# ഹിന്ദി

**പ്രവർത്തനം : 1**

**പേര് :**

**ഉപമേഖല : രാഷ്ട്രഭാഷ , ശ്രേഷ്ഠ ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ , നാടകീകരണം , ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ് | |

**പ്രവർത്തനം : 2**

**പേര് : ഹിന്ദി അസ്സെംബ്ലി**

**ഉപമേഖല : ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി കൈവരിക്കുക | ആഴ്ച്ചയിലൊരിക്കൽ ഹിന്ദി അസ്സെംബ്ലി സംഘടിപ്പിക്കുന്നു | ആഴ്ച്ചയിലൊരിക്കൽ | ഹിന്ദി അദ്ധ്യാപിക | |

**പ്രവർത്തനം : 3**

**പേര് : ഗ്രാമർ സ്കൂൾ**

**ഉപമേഖല : ഹിന്ദി ഭാഷാ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധി നേടുക | ആഴ്ച്ചയിൽ ഒരു ദിവസം വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ക്ളാസുകൾ | ആഴ്ച്ചയിലൊരിക്കൽ | ഹിന്ദി അദ്ധ്യാപിക | |

# ശാസ്ത്രം

പ്രവർത്തനം : 1

പേര് : ശാസ്ത്രലാബ് നവീകരണം

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | ലാബിലെ ഉപകരണങ്ങൾ , രാസവസ്തുക്കൾ , മോഡലുകൾ ,ചാർട്ടുകൾ എന്നിവ വിഷയാനുസൃതമായി ക്രമീകരിക്കുക | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ളബ് | |

പ്രവർത്തനം : 2

പേര് : ശാസ്ത്രപോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്ര സംബന്ധമായി പ്രാധാന്യമുള്ള വ്യക്തികളുമായി സംവദിക്കുക | ത്രൈമാസ പരിപാടി | സയൻസ് ക്ളബ് | |

പ്രവർത്തനം : 3

പേര് : പ്രതിഭാ പോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ളാസും നൽകൽ | മികവ് പുലർത്തുന്ന കുട്ടികൾക്ക് വിദഗ്ധരുടെ നേതൃത്ത്വത്തിൽ പരിശീലനം | അവധി ദിവസങ്ങൾ | SRG | 7000/- സ്പോൺസർഷിപ് |

പ്രവർത്തനം : 4

പേര് : ശാസ്ത്രയാത്രകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കാൻ | ശാസ്ത്രപ്രധാന്യമുള്ള സ്ഥലങ്ങൾ , സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കുന്നു | പ്രതിവർഷം 2 യാത്രകൾ | PTA സയൻസ് ക്ളബ് | 5000/- |

പ്രവർത്തനം : 5

പേര് : മേളകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക | വർഷത്തിൽ ഒരിക്കൽ | PTA സയൻസ് ക്ളബ് | 1500/- |

## സാമൂഹ്യശാസ്ത്രം

**പ്രവർത്തനം : 1**

**പേര് : സാമൂഹ്യശാസ്ത്രലാബ്**

**ഉപമേഖല :സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ് | PTA |

**പ്രവർത്തനം : 2**

**പേര് : പഠന യാത്രകൾ**

**ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നത് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ , സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | വർഷത്തിൽ രണ്ടു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | |

പ്രവർത്തനം : 3

പേര് : ഡിബേറ്റ് ക്ളബ്

ഉപമേഖല :അക്കാദമികം /സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെപ്പറ്റി സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | കാലിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച് സംവാദം , സെമിനാർ, ഡിബേറ്റ് ,ചാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | SRG | |

പ്രവർത്തനം : 4

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | ആനുകാലികങ്ങൾ , അറ്റലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച വായനാ കോർണർ ഒരുക്കൽ | എല്ലാ ദിവസവും | സാമൂഹ്യശാസ്ത്ര ക്ളബ് | |

# ഗണിതം

**പ്രവർത്തനം : 1**

**പേര് : ഒറിഗാമി ശില്പശാല**

**ഉപമേഖല :അക്കാദമികം /ഗണിതശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്രപഠനം | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നത ിലുള്ള പരിശീലനം നൽകൽ | വർഷത്തിൽ ഒരിക്കൽ | ഗണിതശാസ്ത്രക്ല് ബ് | 2000/- |

**പ്രവർത്തനം : 2**

**പേര് : ഗണിതലാബ് സജ്ജീകരിക്കൽ**

**ഉപമേഖല : അക്കാദമികം / ഗണിതശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | വർഷത്തിൽ ഒരിക്കൽ | ഗണിതശാസ്ത്രക്ല് ബ് | |